**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 447** **24-08-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേന സമാഹരിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നാളിതുവരെ കിഫ്‌ബി മുഖേന സമാഹരിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; | (എ) | 31.07.2022 ലെ കണക്കുകൾ പ്രകാരം കിഫ്ബി സമാഹരിച്ച തുകയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.<br><br>Total Contribution from Government of Kerala — Amount (₹ cr)<br>Corpus Fund — 2,498.42<br>MVT — 7,886.40<br>CESS ON PETROLEUM — 3,083.37<br>Additional Contribution from Govt. — 322.07<br>Fund Mobilized from financial market (availed fund) — 18,047.91<br>Total — 31,838.17<br><br>2016 മുതൽ കിഫ്ബിയുടെ പ്രവർത്തനങ്ങൾക്കും പദ്ധതി നിർവ്വഹണത്തിനുമായി 2122.07 കോടി രൂപ ചെലവായിട്ടുണ്ട്. (31.07.2022 ലെ കണക്കുകൾ പ്രകാരം). |
| (ബി) | ഇതിൽ എത്ര തുക പരസ്യത്തിനായി ചെലവഴിച്ചിട്ടുണ്ട്; | (ബി) | കിഫ്ബിയുടെ പ്രവർത്തനങ്ങളെയും ഏറ്റെടുത്തിരിക്കുന്ന പദ്ധതികളും സംബന്ധിച്ച് പൊതുജനങ്ങളിലും നിക്ഷേപകരിലും ആശങ്കയും പരിഭ്രാന്തിയും സൃഷ്ടിക്കുന്ന തരത്തിലുള്ള തെറ്റായ പ്രചരണങ്ങൾ വിവിധ കോണുകളിൽ നിന്ന് ഉണ്ടാകുന്നുണ്ട് എന്ന് സർക്കാർ തിരിച്ചറിഞ്ഞ അവസരത്തിൽ, കിഫ്ബിയുടെയും പ്രവർത്തനങ്ങളും പദ്ധതികളുടെ പുരോഗതിയും പൊതുജനങ്ങളുടെയും നിക്ഷേപകരുടെയും അറിവിലേക്കെത്തിക്കുക, ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ വിവിധ പരിപാടികൾ കേരളത്തിന്റെ വിവിധ ജില്ലകളിലായി അവതരിപ്പിക്കുകയുണ്ടായി. 'കേരള നിർമ്മിതി', 'എന്റെ കേരളം' പോലുള്ള |

| | | | |
|---|---|---|---|
| | | | പരിപാടികളിലൂടെയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും മറ്റ് ഓൺലൈൻ മാധ്യമങ്ങളിലൂടെയും ഇത്തരത്തിലുള്ള അവബോധ പരിപാടികൾ നടത്തിയിട്ടുണ്ട്. 2016 മുതൽ പരസ്യ ഇനത്തിലും മേൽ സൂചിപ്പിച്ച അവബോധ പരിപാടികൾക്കുമായി കിഫ്ബിയ്ക്ക് 79 കോടി രൂപ ചെലവായിട്ടുണ്ട്. (31.07.2022 ലെ കണക്കുകൾ പ്രകാരം). |
| (സി) | എത്ര തുക വരുമാനം വർധിപ്പിക്കാൻ സഹായകമാകുന്ന ഉൽപാദനക്ഷമമായ പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്; | (സി) | ജൂലൈ 2022 ലെ കണക്കുകൾ പ്രകാരം 18,047.91 കോടിയിലധികം രൂപ വിവിധ സ്രോതസ്സുകളിലൂടെ വായ്പയിനത്തിൽ കിഫ്ബി സമാഹരിച്ചിട്ടുണ്ട്. ഇവയിൽ 5779 കോടിയോളം രൂപ വരുമാനദായകമായ പദ്ധതികളിലേക്കാണ് നൽകിയിട്ടുള്ളത്. ഇതിൽ 729.95 കോടി രൂപ ഈ പദ്ധതികളിൽ നിന്നുമായി തിരികെ ലഭിച്ചിട്ടുണ്ട്. (31.07.2022 ലെ കണക്കുകൾ പ്രകാരം). |
| (ഡി) | എത്ര തുക കിഫ്ബിയുടെ ഭരണനിർവഹണത്തിനായി ചെലവഴിച്ചിട്ടുണ്ട്; | (ഡി) | ജൂലൈ 2022 ലെ കണക്കുകൾ പ്രകാരം 18,047.91 കോടിയിലധികം രൂപ വിവിധ സ്രോതസ്സുകളിലൂടെ വായ്പയിനത്തിൽ കിഫ്ബി സമാഹരിച്ചിട്ടുണ്ട്. ഇവയിൽ 5779 കോടിയോളം രൂപ വരുമാനദായകമായ പദ്ധതികളിലേക്കാണ് നൽകിയിട്ടുള്ളത്. ഇതിൽ 729.95 കോടി രൂപ ഈ പദ്ധതികളിൽ നിന്നുമായി തിരികെ ലഭിച്ചിട്ടുണ്ട്. (31.07.2022 ലെ കണക്കുകൾ പ്രകാരം). |
| (ഇ) | എത്ര തുക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്;അറിയിക്കാമോ? | (ഇ) | കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളിലേക്കായി 20,843.54 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. (31.07.2022 ലെ കണക്കുകൾ പ്രകാരം). |

സെക്ഷൻ ഓഫീസർ